# THE DIGITAL MAGAZINE



**HOLY FAMILY GHS**
**KAINAKARY**
**LITTLE KITES**
**2018-19**



# ബോധി

## THE DIGITAL MAGAZINE

**HOLY FAMILY GHS KAINAKARY**

# ഉള്ളടക്കം


1.ആമുഖം

2.വി.കുര്യാക്കോസ് ഏലിയാസ് ചാവറ

3.സമർപ്പണം

4.ഹോളി ഫാമിലി

5.ലിറ്റിൽഫ്ലവർ

6.ആശംസ - സ്കൂൾ മാനേജർ

7. ആശംസ - സ്കൂൾ ഹെഡ്മിസ്ട്രസ്

8.കൈറ്റ് അംഗങ്ങൾ

9.പ്രണാമം

10.എഡിറ്റോറിയൽ ബോർഡ്

11.ലിറ്റിൽ കൈറ്റ്സ്.....?

12.കോർ കമ്മിറ്റി

13.മാധ്യമസംസ്കാരം (ലേഖനം)

14.ചങ്ങാതി (കവിത)

15.അച്ചുവും വികൃതിക്കാറ്റും (കഥ)

16.വെള്ളരിപ്രാവും കിന്നരിത്തത്തയും (കഥ)

17.സൗഹൃദം (കവിത)


HOLY FAMILY GHS KAINAKARY

18.കേരം (കവിത)

19.മാലിന്യമുക്തകേരളം (ലേഖനം)

20.അമ്മ (കവിത)

21.മഴ (അനുഭവക്കുറിപ്പ്)

22.പുലർക്കാഴ്ചകൾ ( കവിത)

23.മറക്കാം മറക്കാതിരിക്കാം (അനുഭവം)

24.നല്ല കുട്ടി (കവിത)

25.പ്രകൃതി (കുറിപ്പ്)

26.നിഴലുകൾ (കവിത)

27.മറന്നുകൂടാ (കവിത)

28.സ്കൂൾ ആന്തം

HOLY FAMILY GHS KAINAKARY


സ്കൂൾ ഐ ടി ക്ലബ്
ലിറ്റിൽ കൈറ്റ്സ്.
സ്കൂൾകുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിനുള്ള
ഒരു സുവർണ്ണാവസരം.
പ്രളയങ്ങളും അതിജീവന യത്നങ്ങളും മറന്ന്
ഉത്സാഹത്തോടെ കഥകളും ക്രിയാത്മക
പ്രവർത്തനങ്ങളും വഴി പുത്തൻ ഉണർവ്വ് നേടാൻ
ഒരു പുതുപുത്തൻ വേദി.
ഹോളി ഫാമിലി ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന

# "ബോധി"


## 'A Digital Magazine'.

HOLY FAMILY GHS KAINAKARY




4
3
അജ്ഞതയുടെ ലോകത്തുനിന്ന്
അക്ഷരമുറ്റത്തേയ്ക്ക് കൈപിടിച്ചുയർത്തി
വിവരവിനിമയ സാങ്കേതിക വിദ്യയു
ശ്രേഷ്ഠഗുരുവായിത്തീർന്ന ആത്മീയാചാര്യൻ
വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയുടെ
പൂജ്യപാദങ്ങളിൽ സ്നേഹാർച്ചനയായി
സമർപ്പണം...'ബോധി'.
HOLY FAMILY GHS KAINAKARY


4
HOLY FAMILY  PRAY FOR US.
HOLY FAMILY GHS KAINAKARY


ST.LITTLE THERSE
SHOWER
THE BLESSINGS
FROM HEAVEN


6
വെളിച്ചമേ നയിച്ചാലും......


FELICITATIONS.......!
SR. LIZA KURIAN CMC
SCHOOL MANAGER

വിവരവിനിമയസാങ്കേതികവിദ്യയുടെ
ഈ ആധുനിക കാലത്ത് നമ്മുടെ കുട്ടികൾ
പ്രാവീണ്യരാകുന്നതിന്റെ തെളിവാണല്ലോ
ഈ ഡിജിറ്റൽ മാഗസിൻ......'ബോധി'.
കുട്ടികൾക്കും പരിശീലകർക്കും
സ്കൂൾമാനേജ്മെന്റിന്റെ വിജയാശംസകളും ...
പ്രാർത്ഥനകളും...!

സി.ലിസ കുര്യൻ സി.എം.സി.
(സ്കൂൾ മാനേജർ)


9
FELICITATIONS. . .
SR.ARCHANA CMC' . . !
( HEADMISTRESS)
HOLY FAMILY GHS KAINAKARY

കാലത്തിനു മുൻപേ ജ്വലിച്ചുയർന്ന
കർമ്മയോഗിയായ വിശുദ്ധ ചാവറയച്ചന്റെ
പുണ്യപാദസ്പർശമേറ്റ
ഈ കൈനകരിയുടെ മക്കൾ...
അച്ചടിവിദ്യയ്ക്കപ്പുറം ഡിജിറ്റൽവിദ്യയും
സ്വന്തമാക്കിയിരിക്കുന്നു.
ഹോളിഫാമിലി
ലിറ്റിൽ കൈറ്റ്സ് കുട്ടികൾ
തയ്യാറാക്കിയ 'ബോധി 'എന്ന
ഈ ഡിജിറ്റൽ മാഗസിന് വിദ്യാലയ
കുടുംബത്തിന്റെ എല്ലാ വിജയാശംസകളും ....
നേരുന്നു.

സി.അർച്ചന സി.എം.സി.
(ഹെഡ് മിസ്ട്രസ്)
ഹോളി ഫാമിലി ജി.എച്ച്.എസ്.
കൈനകരി.

# ലിറ്റിൽ കൈറ്റ്സ്





അനുപമ എസ്. എ.
എയ്ഞ്ചൽ ആന്റണി
അനിറ്റ റോജി
ആര്യലക്ഷ്മി സി.പി.
ആവണി സി.പി.
ജോത്സ്നാ സേവ്യർ
ജൂബി പി.കുര്യൻ
ജ്യോതിക എം.
ലയ മരിയ വർഗ്ഗീസ്
നിഷമോൾ ഷാജി
സാവിയ ദേവസ്യ
ഹിമ ഹരിദാസ്
ഐറിൻ ജോസഫ്
അഞ്ചന അനിരുദ്ധൻ
അവന്തിക ബിനു
അഞ്ചന സോമു
ദേവനന്ദന ഷിജോ
നന്ദന എസ്.
രേവതി ജി.
വിഷ്ണുപ്രിയ ജി.

ഹോളി ഫാമിലി ജി.എച്ച്.എസ്.
കൈനകരി.


ഗൃഹാതുരത്വം തുളുമ്പുന്ന
കൈനകരിഗ്രാമത്തിന്റ പ്രണാമം .....
ഹോളി ഫാമിലി ജി.എച്ച്.എസ്.
കൈനകരി.



## എഡിറ്റോറിയൽ ബോർഡ്

വിഷ്ണുപ്രിയ ജി.
അനുപമ എസ് എ
അഞ്ജന അനിരുദ്ധൻ
സാനിയ ദേവസ്യ
ജൂബി പി കുര്യൻ
ലയ മരിയ വർഗ്ഗീസ്
ദേവനന്ദന ഷിജോ
അനീറ്റ റോജി
ജോസ്ന സേവ്യർ
ജ്യോതിക എം.

**ഹോളി ഫാമിലി ജി.എച്ച്.എസ്. കൈനകരി.**

# കൈറ്റ്സ്

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സർക്കാർ കമ്പനിയാണ് KITE. പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ആദ്യ സർക്കാർ കമ്പനിയാണിത്. വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന പ്രവർത്തനങ്ങൾ കൂടി KITE ലക്ഷ്യമിടുന്നു. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠി വിദ്യാർത്ഥികൾക്കായി കൈറ്റിന്റെ നേതൃത്വത്തിലുള്ള പദ്ധതിയാണ് ലി 2018 ജനുവരി 22-ന് കേരളത്തിന്റെ ബഹുമാന മുഖ്യമന്ത്രി പിണ വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർ ഹോളി ഫാമിലി ജി എച്ച് എസ് കൈനകരിയിലെ ഒമ്പതാം ക്ലാസ്സിലെ ഇരുപത് വിദ്ധ്യാർത്ഥിനികളാണ് കൈറ്റിലെ അംഗങ്ങൾ. ഗ്രാഫിക്സ് & ആനിമേഷൻ, മല കമ്പ്യൂട്ടിംഗ് & ഇൻററർനെറ്റ്, സ്ക്രാച്ച്, മൊബൈൽ ആപ്പ് നിർമ്മാണം , പൈത്തൺ &ഇലക്ട്രോണിക്സ്, റോബോട്ടിക്സ് , ഹാർഡ്വെയർ എന്നീ വിഷയങ്ങളും ക്യാമറ പരിശീലനം പോലുള്ള വിദഗ്ധ വിഷയങ്ങളുടെ ക്ലാസ്സുകളും ഡിജിറ്റൽ മാഗസി നിർമ്മാണം പോലുള്ള പ്രവർത്തനങ്ങളും കൊണ്ട് സമ്പന്നമായിരുന്നു 2018-19 അദ്ധ്യനവർഷത്തെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്. ഇതിന് കളമൊരുക്കിയ എല്ലാവർക്കും ഹോളി ഫാമിലി കൈറ്റ്സ് കുടുംബത്തിനും നന്ദി..........നന്ദി.............നന്ദി.

ഹോളി ഫാമിലി ജി.എച്ച്.എസ്.കൈനകരി.

# EDITORIAL BOARD MEMBERS













little KITEs

HOLY FAMILY GHS KAINAKARY

# Magazine Core Committee



# മാധ്യമസംസ്കാരം



ലോകം ഒരു കുടക്കീഴിലും അറിവും അറിവില്ലായ്മയും വിദ്യയും വിദ്യാഭ്യാസവും ഒരു വിരൽത്തുമ്പിലും ഒതുങ്ങിയിരിക്കുന്ന ഈ ആധുനികയുഗത്തിൽ. സോഷ്യൽ നെറ്റ് വർക്കിംഗ് മീഡിയ ലോകത്തെ കൈകളിലെടുത്ത് അമ്മാനമാടുന്നു.ആധുനികവിവരസാങ്കേതികവിദ്യയുടെ പരിജ്ഞാനവും വിനിയോഗവും ഇന്നിന്റെ അവശ്യ ഘടകങ്ങളാണ്. എന്നാൽ ഇവയുടെ അമിത ഉപയോഗവും ദുരുപയോഗവും നിയന്ത്രണവിധേയമാക്കാനുള്ള ധാർമ്മിക ബോധവും ദിശാബോധവും നാം ആർജ്ജിക്കേണ്ടി യിരിക്കുന്നു. തെറ്റായ പ്രവണതകളുടെ പേരിൽ പത്രമാസികകളും ടെലി വിഷനും ഇന്റർനെറ്റും ഉപേക്ഷിച്ച് പഴയ കാലത്തേക്ക് മടങ്ങണമെന്നല്ല. വാർത്തയും വിദ്യാഭ്യാസവും വിജ്ഞാനപ്രദമായ പരിപാടികളുമൊക്കെ സമ്മാനിക്കുന്ന മാധ്യമങ്ങളെ പരമാവധി ഉപയോഗിക്കുക തന്നെ വേണം , വിവേകത്തോടെ...വിവേചനയോടെ....!

ഒരു കാലത്ത് ധാർമ്മികതയുടെയും ജനകീയമുന്നേറ്റങ്ങളുടെയും ചാലകശക്തിയായിരുന്ന മാധ്യമങ്ങൾ ഇന്ന് അസമത്വത്തിനും മൂല്യ ശോഷണത്തിനും കാരണമാകുന്നെങ്കിൽ അത് സമൂഹത്തിനു സംഭവി ച്ചിരിക്കുന്ന വലിയ അപചയമാണ്.

സമൂഹത്തിൽനിന്നും കുടുംബങ്ങ ളിൽനിന്നും വ്യക്തികളെ പറിച്ചെടുത്ത് മുറികളിലേക്കും സ്വന്തം കിടപ്പറ കളിലേക്കും ചുരുക്കിയെടുക്കുന്ന ദൗത്യമല്ല മാധ്യമങ്ങളുടേത്. ടെലിവിഷ നിലും സിനിമ യിലും കണ്ടത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്ന കുട്ടികളുടെ തിരക്കഥ തയ്യാറാക്കലുമല്ല മാധ്യമങ്ങളുടെ ദൗത്യം. വിവരവിനിമയ സാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടാൻ അവസരം സിദ്ധിച്ചവർ എന്ന നിലയ്ക്ക് നമുക്കുണരാം .

വിജ്ഞാനവിപ്ലവ ത്തിലൂടെ മൂല്യാധിഷ്ഠിതമായ ഒരു നവമാധ്യമസംസ്കാരം കെട്ടിപ്പടുക്കാൻ നമുക്ക പ്രതിജ്ഞാബദ്ധരാകാം . അങ്ങനെ നമുക്ക നമ്മുടെയും സമൂഹ ത്തിന്റെയും രക്ഷകരാകാം .


CONGRATULATIONS..!
TESIA ELIAS
JOVIA JOJI
Oorjolsavam Sub Dist.Quiz Winners
HOLY FAMILY GHS KAINAKARY


Media
Thinks
Research
Journals
Content
Blogs
Ertsuovneba
Local
Author
TV
Videos
Search
News
Rustavi 2
Information
Sharing
People
Project
Example
Imedi
Articles
Reporter
Social media
Networks
Making
Questions
Web


CONGRATULATIONS...
Oorjolsavam Sub Dist. Essay Competition
First Prize Winner
Annamol Joseph
HOLY FAMILY GHS KAINAKARY

# ചങ്ങാതി

ചങ്ങാതിയോളം പോന്ന
കണ്ണാടി ഈ ജഗത്തിലില്ല,
ദയവായി അനുവദിക്കുക
നിന്റെ
കണ്ണാടിപോലുള്ള
ചങ്ങാതിയാവാൻ
ഇരുട്ടിന്റെ ഏകാന്തതയെ
ഞാൻ ഭയപ്പെടില്ല
ഏകാന്തതയുടെ.....
ക്രൂരതയെ...................
കാരണം,
നീ ഒരു നിഴൽപോലെ
എന്റെ കൂടെയുണ്ട്........................
മരണംവരെ.........................................



'Education is movement from darkness to light.'

Allan Bloom


CONGRATULATIONS
Mathematics Fair
State Winner
Punya Pramod
Social Science Fair
State Winner
Bashpa V.
HOLY FAMILY GHS KAINAKARY

# അച്ചുവും വികൃതിക്കാറ്റും

ഒരു ദിവസം അച്ചുമുയൽ കൂട്ടുകാരനായ കിച്ചുവിനെ കാണാനിറങ്ങി . നല്ല ഉടുപ്പിട്ട് തൊപ്പിയും വച്ചാണ് യാത്ര കൂട്ടുകാരനു കൊടുക്കാൻ ഒരു കൂട നിറയെ കാരറ്റും അവന്റെ കൈയിൽ ഉണ്ടായിരുന്നു.

നടന്നുനടന്ന് അച്ചു പുഴക്കരയിലെത്തി . പാലം കടന്നാൽ കൂട്ടുകാരന്റെ വീടായി അച്ചു വേഗം നടന്നു ......ഈ സമയത്താണ് വികൃതിക്കാറ്റ് അതുവഴി വന്നത്. "ഹമ്പട,അച്ചുവിന്റെ തൊപ്പി തട്ടിത്തെറിപ്പിച്ചിട്ടു തന്നെ കാര്യം,. കാറ്റ് ആഞ്ഞുവീശി.കാറ്റിൽ അച്ചുവിൻെറ തൊപ്പിപറന്നുപോയി ഒരു വലിയ മരത്തിന്റെ ചില്ലമേൽ കുടുങ്ങി .

"ഓാാാ എന്റെ പുന്നാരത്തൊപ്പി പോയേ....അച്ചു ഉറക്കെ കരഞ്ഞു. ഇതു കണ്ട വികൃതിക്കാറ്റ് കളിയാക്കിച്ചിരിച്ചുകൊണ്ട് ദൂരേയ്ക്കു പോയി.അച്ചുവിന്റെ കരച്ചിൽ മരക്കൊമ്പിലിരുന്ന മിന്നുത്തത്ത കേട്ടു. അവൾ വേഗം മരക്കൊമ്പിൽ നിന്നതൊപ്പി കൊത്തിയെടുത്തു കൊണ്ടുവന്നു അച്ചുവിനു കൊടുത്തു. അച്ചുവിന് സന്തോഷമായി . അവൻ രണ്ടു കാരറ്റ് മിന്നുവിനു നൽകിട്ട് റ്റാ റ്റാ .............പറഞ്ഞു നടന്നു പോയി.

*നന്ദന സുഭാഷ്*

HOLY FAMILY GHS KAINAKARY

എത്രമാത്രം
വിനയമുള്ളവനാകുന്നുവോ
അത്രമാത്രം നിങ്ങൾ
വലിയവനാകുന്നു..




THE CHOIR OF HOLY FAM
AT CHAVARA


എന്റെ
വിദ്യാലയം
വിഷരഹിത പച്ചക്കറികളുടെ
സമ്പന്നമായ കലവറ.




**HOLY FAMILY GHS KAINAKARY**



# വെള്ളരിപ്രാവും കിന്നരി തത്തയും

ആറ്റുകടവിനോട് അടുത്തുള്ള ഞാവൽമരത്തിലാണ് വെള്ളരിപ്രാവ് താമസിക്കുന്നത്. അതിനോടടുത്തുള്ള ഒരു വീട്ടിൽ വളർത്തുന്ന തത്തമ്മയാണ് കിന്നരി. ഒരിക്കൽ വെള്ളരിപ്രാവും കിന്നരിയും മരക്കൊമ്പിൽ ഇരിക്കുമ്പോൾ പാറുക്കുട്ടി എന്ന തത്തമ്മ ആ വഴി വന്നു. കിന്നരി ചോദിച്ചു, "നി എന്താ .... വിഷമിച്ചിരിക്കുന്നത്?" പാറു പറഞ്ഞു,

"ഞങ്ങളുടെ കുഞ്ഞുങ്ങളെ ഓരോന്നായി പാമ്പ് കൊന്നുതിന്നു കൊണ്ടിരിക്കുന്നു. അവനെ എങ്ങനെയെങ്കിലും കൊല്ലണം."

അവർ മൂന്ന് പേരുംകൂടി കാട്ടിലേക്ക് പോയി.

അവിടെ ചെന്നപ്പോൾ പാമ്പ് താഴെക്കിടന്ന് ...........

ഉറങ്ങുകയായിരുന്നു. അവർ മൂന്നുപേരുംകൂടി ഒരു തേങ്ങ എടുത്ത്..............അവന്റെ തലയിൽ ഇട്ടു.

അതോടെ അവന്റെ ശല്യവും തീർന്നു. ഹി....ഹി...ഹി...!




# സൗഹൃദം.......

ജീവിതത്തിൽ ഒരിക്കലും
മായാത്ത വർണ്ണവിസ്മയമാണ് സൗഹൃദം.
മനസ്സ് എന്ന പുസ്തകത്തിലെ
മായിക്കാൻ കഴിയാത്ത ഒരു താളാണ് സൗഹൃദം
അറിഞ്ഞും അറിയാത്തെയും
പറഞ്ഞും പറയാതെയും വരുന്നതാണ് സൗഹൃദം.

[ജോതിക]

# കേരം

കേരളക്കരയിൽ നീളെ
തിങ്ങി നിൽക്കുന്ന തെങ്ങുകൾ
കരിക്കിൻ വെള്ളവും നല്ല
തണലും നൽകി പാന്ഥരെ
സൽക്കരിക്കുന്നു .
തെങ്ങോലപ്പങ്കയാൽ ക്ഷീണമകറ്റിയും
പാർപ്പിടങ്ങൾ ചമച്ചീടാൻ...
ഭക്ഷണങ്ങളൊരുക്കുവാൻ...
കളിക്കോപ്പുകൾ നിർമ്മിക്കാൻ..
വേണ്ടതൊക്കെയുമേകിയും
നിത്യോപകാരിയായ് നിൽക്കും
ഈ വൃക്ഷം.. കൽപ്പവൃക്ഷം..!
സ്വർണ്ണക്കുടങ്ങളും പേറി
കൈകളാട്ടി പ്രമാണിയായ്
തലപൊക്കിപ്പിടിച്ചുള്ള നില
കാണേണ്ട കാഴ്ചയാണ് ...!



“EVERY THING IS EASY

WHEN YOU ARE BUSY

BUT NOTHING IS EASY
WHEN YOU ARE LAZY.”

Swamy Vivekanandan




**HOLY FAMILY GHS KAINAKAR**

# ബാദ്ധ്യതയായി മാറുന്ന മാലിന്യ സംസ്കരണം

പ്രകൃതിസുന്ദരമായ നമ്മുടെ നാട് ഖര ദ്രാവക വാതക മാലിന്യങ്ങൾ കൊണ്ട്
അനുദിനം നാശത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ് ഭൗതീകസാഹചര്യങ്ങൾ
മെച്ചപ്പെടുത്തുവാനുള്ള പരക്കം പാച്ചിലിൽ മാലിന്യ കൂമ്പാരങ്ങൾ ഉയരുന്നു. ജന
സംഖ്യാ-വർദ്ധനവും നഗരവത്ക രണവും നമ്മുടെ നാടിന് സമ്മാനിക്കുന്നത്
മലിനീകരണ ഭീഷണിയാണ്. ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഉപഭോഗ
സംസ്കാരത്താൽ മാലിന്യങ്ങൾ ജൈവവിഘടനത്തിന് വഴങ്ങാതായി മാറിയിരി
ക്കുന്നു ഭാരതത്തിലെ നഗരങ്ങളിൽ പ്രതിവർഷം ദശലക്ഷക്കണക്കിന് ടൺ പാഴ്
സ്തുക്കൾ ഉണ്ടാകുമെന്നാണ് കണക്ക്. അപ്പാർട്ടുമെന്റുകൾ, വീടുകൾ, ഹോട്ടലുകൾ,
വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, അറവ് ശാലകൾ എന്നിവിടങ്ങളിൽ നിന്നെ
ല്ലാം വൻതോതിലുള്ള മാലിന്യങ്ങളാണ് പുറംതള്ളപ്പെടുന്നത്. ഇതിന്റെ ദുരിതം
പേറാൻ വിധിക്കപ്പെട്ടവരുടെ അനുഭവങ്ങൾ നമുക്കറിയാം. അതിജീവനത്തിനാ
യുള്ള അവിടുത്തെ പാവം ജനങ്ങളുടെ നിലവിളി നമ്മൾ പത്രമാധ്യമ ങ്ങലിലൂടെ
ദിനംപ്രതി അറിയുന്നുമുണ്ട്. മാലിന്യസംസ്കരണം കേവലം ഒരു പ്രദേശത്തെ
മാത്രം പ്രശ്നമല്ല. മറിച്ച് ലോകജനത യുടെമുഴുവൻ പ്രശ്നമായി മാറിയിരിക്കുകയാ
ണ്. അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യങ്ങൾ എങ്ങ നെ സംസ്കരിക്കണമെന്നു
ള്ളതിന് നിലവിലുള്ള ഭരണകൂടത്തിനോ എന്തിനേറെ ലോകരാഷ്ട്രങ്ങൾ ക്കു
പോലുമോ വ്യക്തമായ ഒരു കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടില്ല. ന


36
നക്ഷത്രങ്ങ ളുടെ രഹസ്യങ്ങളിലേയ്ക്ക്
ഊളിയിട്ടുകൊണ്ട് അവയുടെ ഗതിവിഗതികളെപ്പറ്റി
പഠനം നടത്തുന്ന മനുഷ്യൻ താൻ ജീവിക്കുന്ന
ഭൂമിയുടെ നിലനില്പിനെപ്പറ്റി എന്തുകൊണ്ട് ചിന്തിക്കുന്നില്ല
എന്നത് വേദനാജനകമാണ് .അഭ്യസ്തവിദ്യരായ നമുക്കെങ്കിലും
മാലിന്യങ്ങളുടെ സംസ്കരണത്തെക്കുറിച്ച് ബോധവാന്മാരാകുകയും
അതിനായി പ്രയത്നിക്കുകയും ചെയ്യാം.
[അഞ്ജന സോമു]
HOLY FAMILY GHS KAINAKARY



# അമ്മ

കണ്ണിന്റെ കണ്ണായി
നമ്മെ പോറ്റിവളർത്തുന്നതമ്മ
പഞ്ചാരപ്പുഞ്ചിരി തൂകി
മെല്ലെ താലോലമാട്ടുന്നതമ്മ
നന്നായ്
കുളിപ്പിച്ചുതോർത്ത് എന്നും
മാമു തരുന്നതമ്മ
അമ്മയെ സ്നേഹിച്ചിടേണം പാരിൽ
അമ്മ നമുക്കൊരു ദൈവം

# No one is born happy, but everyone is born with the ability to create happiness.

# മഴ

മഴ തകർക്കുകയാണ് എന്തെന്നില്ലാതെ... തുറന്ന വാതായനങ്ങളിലൂടെ ഞാൻ മഴയെ ആസ്വദിക്കുകയാണ്. മഴ തനിച്ചായിരുന്നില്ല .കൂടെ ഞാനും ഉണ്ടായിരുന്നു.എന്റെ മനോവിചാരങ്ങളും ഞാൻ മഴയോടു പറഞ്ഞു പെട്ടെന്ന് ..മഴയുടെ മാന്ത്രികവിരലുകൾ എന്നെ സ്പർശിച്ചു. ഇടിവെട്ടേറ്റതാണോ...?ഈശ്വരാാ....അല്ല... അത് ഇടിവെട്ടായിരുന്നില്ല! അപ്പുമാഷിന്റെ സിംഹഗർജനമായിരുന്നു ."നീ എവിടാടാ...?""ക്ലാസ്സിൽ ശ്രദ്ധവേണം.അത് ഇല്ലായെങ്കിൽ പോടാപോയി വല്ലാ പറമ്പിലും പാടത്തും ഇറങ്ങിക്കോ." അപ്പുമാഷ് തന്ന മധുരം നുണഞ്ഞിറക്കി ഞാൻ മെല്ലെ ഇരുന്നു. ഞാനും മഴയും ഒരുപോലെയായിരുന്നു. അവൻ എന്റെ കൈപ്പത്തി മടിയിൽ വച്ചു എന്നിട്ട് ചുവന്നപാടിൽ മെല്ലെ അമർത്തി. അവൻ അവന്റെ കുഴിഞ്ഞ കണ്ണുകളിലൂടെ എന്നെ ദയനീയമായി ഒന്നു നോക്കി. ഞാൻ ഒന്നും പറഞ്ഞില്ല അവന്റെ കണ്ണുകൾക്ക് ഉത്തരം കൊടുക്കാനാവാതെ ഞാൻ അവിടെ തടവിലാക്കപ്പെട്ടു. അപ്പുമാഷ് പോയതും പറഞ്ഞതും ഒന്നും ഞങ്ങൾ അറിഞ്ഞില്ല .ഞങ്ങടെ സൗഹൃദം അവിടെ തളിരിട്ടു. ഞാൻ ചോദിച്ചു ."പുതിയതാ അല്ലേ......? എന്താ പേര്? ..." "ഗണേശൻ!!!"

അവൻ അഭിമാനപുരസരം പറഞ്ഞു. "നീങ്ങ..?" "ഉണ്ണി, ഉണ്ണികൃഷ്ണൻ. ഇതിനുമുൻപ്
ഞാൻ ഗണേശനെ കണ്ടിട്ടുണ്ട്. വീടിന്റെ നാലുകെട്ടിനപ്പുറം ഉള്ള കാലം വരച്ചുഴതി
ഒരു കൊച്ചു വീട്ടിൽ. രാത്രിയിൽ മൺചിരാതിൽ കൊളുത്തി ഉമ്മറത്തു വെച്ചിട്ടുള്ള അ
കൊച്ചുവിട്ടിൽ."

ഉച്ചമണി മുഴങ്ങി .കുട്ടികൾ ആർപ്പുവിളികളോടെയാണ് ഇറങ്ങിയത് .അപ്പോഴും
തകർക്കുകയായിരുന്നു. ഞാൻ എന്റെ കൈക്കുമ്പിളിൽ വെള്ളം എടുത്ത് അവന്റെ മുഖത്തേ
എറിഞ്ഞു. അവൻ ഒന്നുനോക്കി ചിരിച്ചതെയുള്ളൂ. അവന്റെ സാമ്പാറും തൈരും എല്ല
എനിക്കായി അവൻ നീട്ടി .എന്തോ ഒരു അഭിമാനസങ്കോചം എന്നെ അത് നിരസിക്കാ
പ്രേരിതനാക്കി.

പെട്ടന്ന് ഞങ്ങൾ അടുത്തു. രണ്ട് ദിവസമായി ഗണേശനെ കണ്ടിട്ട്...
എങ്കിലും പതിവുപോലെ അപ്പമാഷിന്റെ മധുരം നുണഞ്ഞിറക്കുന്നതിൽ ബുദ്ധിമുട്ട് ഒന്നു
ഉണ്ടായിരുന്നില്ല. വൈകുന്നേരം ഞാൻ വിട്ടിൽ ചെല്ലുമ്പോൾ ഗണേശനെക്കുറിച്ചു
അമ്മയോട് ചോദിക്കാമെന്നു കരുതി. ഞാൻ അമ്മയോട് ചോദിച്ചു. പക്ഷേ.. അ
ഒന്നും പറഞ്ഞില്ല .അമ്മാവനെ പറഞ്ഞു വിടാനുള്ള തിരക്കിലായിരുന്നു അമ്മ. പിറ്റേന്
ആ നാലുകെട്ടിനപ്പുറമുള്ള വീടിന്റെ ഉമ്മറത്ത് അതാ ഗണേശൻ. ഞാൻ അവ
അടുത്തേക്ക് ഓടി .എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. അവൻ എന്നോട് പറഞ്ഞു "ഞാ
പോവുകയാണ്. എനിക്ക് പഠിച്ച് ഒരു അദ്ധ്യാപകൻ ആകണം." അവൻ ഓടി മറഞ്ഞു.
പെട്ടന്ന് മഴ പെയ്തു! വീണ്ടും ...ഞാനും മഴയും മാത്രം. എത്ര കാലം കഴിഞ്ഞാലും ഞാ
നിന്നെ മറക്കില്ല ഗണേശാ...

# പുലർ കാഴ്ചകൾ

പുലർസൂര്യകിരണം തട്ടിയുണർത്തി
പുതുദിനാശംസകൾ നേരുന്ന നിമിഷം...
എൻ പൈതലാം ഓമൽച്ചെടി -
യിൽ പുതുജീവൻ തുടിക്കുന്നു...........

ദിവാകരകിരണ ശോഭയാൽ
നീലനിലാവിൻ ഓർമ്മമായുന്നു
ഗന്ധം വഹിക്കും കാറ്റാൽ....
സസ്യലോകം മിഴിതുറക്കുന്നു

ശലഭതാരകൾ പൂതുമധു
നുകരാൻ പറന്നകലുന്നു....
തൻ കുഞ്ഞിനെ ഊട്ടുവാൻ
അമ്മക്കിളി ഇരതേടിപ്പറക്കുന്നു

പുതുജീവനേകിയ നാഥന്
നന്ദി അർപ്പിച്ചു ഞാനും
നീങ്ങുന്നെൻ കാഴ്ചകൾക്കൊപ്പം.

# പ്രകൃതി



പ്രകൃതി നമ്മുടെഅമ്മയാണ്.

പ്രകൃതിയാം അമ്മയുടെ മടിത്ത ട്ടിൽ കളിച്ചും രസിച്ചും ഇണങ്ങിയും പിണങ്ങിയുംഒരുപാട് ജിവജാലങ്ങൾ അങ്ങനെ ജിവിക്കുന്നു. എന്നാൽ പലതും ഇന്ന് വംശനാശഭീഷണി നേരി ടുന്നു. പ്രകൃതി ചൂഷണം ചെയ്യപ്പെ ടുന്നു. സംരക്ഷിയ്ക്കാം..പ്രകൃതിയെ...


വി.തിരുക്കുടുംബമേ ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ.
43
HOLY FAMILY GHS KAINAKARY



# നല്ല കുട്ടി

ലോലിതമോളൊരു നല്ലകുട്ടി
കാലത്തുണരുന്ന നല്ലകുട്ടി
ഉല്ലാസമോടവൾ പല്ലുതേക്കും
നല്ലതുപോലെ കുളിച്ചൊരുങ്ങും
നീല നിറമുള്ള ഉടുപ്പുമിട്ട്
ഒട്ടുമേ വൈകാതെ ഓടിയെത്തും
മേശപ്പുറത്തമ്മ കാത്തുവച്ച
പുട്ടും പഴവും കഴിച്ചുതീർക്കും

പിന്നെയൊരിത്തിരി
പാൽ കുടിക്കും
വായൊക്കെ നന്നായി വൃത്തിയാക്കും
മുച്ചക്രവണ്ടിയിലേറിവേഗം
മുറിയിലെല്ലാടവുമോട്ടമാകും

കളിചിരിയോടവൾ നീങ്ങിടുമ്പോൾ
വീട്ടിലൊരാനന്ദപ്പൂരമാകും.

അനീറ്റ റോജി

# നിഴലുകൾ

മരിച്ച മണ്ണോടടിയുമ്പോൾ
എന്നോടൊപ്പം ചേരുന്ന നീ
നിന്നെപ്പോലെ ഞാനും
എന്നെപ്പോലെ നീയും മാത്രം
ആരെല്ലാം ആട്ടിപ്പായിച്ചാലും
ആരെല്ലാം ആക്ഷേപിച്ചാലും
ആരെല്ലാം അകറ്റിനിർത്തിയാലും
നീ ഉണ്ടാകും എന്നോടൊപ്പം
എന്റേതുമാത്രമാണ് നീ
ദൈവം എനിക്കായി തന്ന
അത്ഭുത സഹചാരിയാണ് നീ.
നീ എന്നും എനിയ്ക്കഭിമാനമായിരിയ്ക്കാൻ
ഞാനെന്നും എന്നെ
രൂപാന്തരപ്പെടുത്തിക്കൊണ്ടേയിരിയ്ക്കും.



അഞ്ചൽ എം ബി
HOLY FAMILY GHS KAINAKARY

# മറക്കാം...മറക്കാതിരിയ്ക്കാം...!



അതിഭീകരമായിരുന്നില്ലേ ............. കേരളം
ഈ വർഷം നേരിട്ട പ്രളയം. ഇപ്പോഴും നാം അതിൽ നിന്നും
പൂർണ്ണമായും മോചനം നേടിയിട്ടില്ല. അപ്രതീക്ഷിതമായിട്ടായിരുന്നു
ആ ദുരന്തം എത്തിയത്. നിരവധി പേർ അതിൽപ്പെട്ട് മരിച്ചു.
അനേകർക്ക് പരുക്കേറ്റു. അനേകം പേർക്ക് സർവ്വവും നഷ്ടപ്പെട്ടു.
കുട്ടികൾക്ക് താങ്ങും തുണയും പുത്തനുടുപ്പും പാഠപ്പുസ്തകങ്ങളും
സ്കൂൾ യൂണിഫോമുകളും കളിക്കോപ്പുകളും . വിതുമ്പുന്ന കുഞ്ഞു
മക്കളുടെ മുഖങ്ങൾ ഒന്നോർക്കാം. അവസനം..................
ദുരിതം വഴിമാറി ...........നമുക്കായി.
ഒത്തൊരുമയോടെ ഒന്നു കൈകൾ കോർക്കാം...
പുനർജ്ജനിയ്ക്കാം നാളെയുടെ സൃഷ്ടിയ്ക്കായി.
നവീകരിയ്ക്കാം കാലം മറവു ചെയ്ത മണ്ണിന്റെ നന്മകളെ....



# മറന്നുകൂടാ....

അമ്മിഞ്ഞപ്പാലിൻ മധുരം
അമ്മതൻമാറിൽ ചാഞ്ഞുറങ്ങുമ്പോൾ
അചഞ്ചല സ്നേഹം അമ്മ
എന്നുള്ള രണ്ടക്ഷരത്തിൽ

ആളൂരിൽ അന്ന് അമ്മ ടീച്ചറാണ്
പാടുപെട്ടുള്ളോരു യാത്രയാണ്
ഞാനുണരും മുമ്പേ അമ്മ പോകും
അമ്മ വരുമ്പോൾ സന്ധ്യയാകും

ഏഴരയ്ക്കുള്ള അവസാന വണ്ടി
അമ്മയില്ലാതെ വരികയില്ല
അമ്മ വരുന്നത് നോക്കി നോക്കി
പാതയോരത്ത് അച്ഛൻ കാത്തുനിൽക്കും

കിറിമുറിച്ച വിറകിൽ ഊതി
അത്താഴമേശ ഒരുക്കി വെച്ചും
അമ്പിളിമാമനെ കാട്ടിത്തന്നും
പഞ്ചതന്ത്രകഥ ചൊല്ലിത്തന്നും

പഞ്ചേന്ദ്രിയങ്ങൾക്കമ്മ ശക്തിതന്നു
പ്രാർത്ഥിക്കാൻ എന്നെ പ്രാപ്തയാക്കി
അമ്മയല്ലാതൊരു നന്മയില്ല
അമ്മതൻ ചൊല്ലൊട്ടും മറന്നുകൂടാ.

ജോസ്ന സേ








# കൂട്ടുകാർക്ക് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സ്നേഹാശംസകൾ...!




# ബോധി

**HOLY FAMILY GHS KAINAKARY**

# SCHOOL ANTH

നവനാളമായിടുവാൻ പുതു ജീവനേകിടുവാൻ
അറിവിൽ വളരാൻ അലിവോടുയരാൻ
ഹോളി ഫാമിലി......ഹോളി ഫാമിലി.....

പുണ്യവാനാം ചാവറയച്ചൻ
പിറന്നൊരു ഭൂമിയിതിൽ
കായലലതൾ ഞൊറികൽ തീർക്കും
കൈനകരിക്കരയിൽ (2)

അറിവിൽ വളരാൻ അലിവോടുയരാൻ
ഹോളി ഫാമിലി......ഹോളി ഫാമിലി.....

അജ്ഞതനീക്കി അനുഗ്രഹമേകൂ
നീയകതാരുകളിൽ
വിജ്ഞാനവീഥിയിൽ
അഗ്നിശലാകയായ്

തെളിയുക നീ സന്തതം (2)
അറിവിൽ വളരാൻ അലിവോടുയരാൻ
ഹോളി ഫാമിലി......ഹോളി ഫാമിലി.....


THANK YOU...